എം എസ് സെമിനാരി ഹൈസ്കൂൾ

തഴക്കര

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ നാലാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക  പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നല്കി അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കിയിരിക്കുന്നു. കോവിഡാനന്തരം കുട്ടികളിൽ ഉള്ള വൈകാരിക-സാമൂഹിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻ നിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ ശിശു സൌഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# എം എസ് എസ് എച്ച് എസ് തഴക്കര

സ്കൂൾ സ്ഥാപിതമായ വർഷം: 1921

## എം എസ് സെമിനാരി ഹൈ സ്കൂളിന്റെ ചരിത്രം

മാവേലിക്കര,തഴക്കര പ്രദേശത്ത് വിദ്യാലയങ്ങളുടെ അഭാവം ഉണ്ടായിരുന്ന കാലത്ത് ഈ പ്രദേശത്തെ ക്രാന്ത ദർശികളായ വ്യക്തികൾ തിരുവിതാംകൂർ രാജകുടുംബത്തോട് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിലും മാവേലിക്കര പ്രദേശത്തോട് രാജകുടുംബത്തിന് ഉണ്ടായിരുന്ന താല്പര്യവും മൂലം ഇവിടെ ഒരു സ്കൂൾ തുടങ്ങുന്നതിനുള്ള ഉത്തരവ് ലഭിച്ചു 1921 മെയ് മാസം 23 ന് മലങ്കര സിറിയൻ സെമിനാരി സ്കൂൾ,ശ്രീമൂലം അസംബ്ലി മെമ്പറും കേരളാഭിമാനി പത്രാധിപരും ആയിരുന്ന ശ്രീ ജേക്കബ് കുര്യൻ ഉദ്ഘാടനം ചെയ്തു.മലങ്കര മെത്രാപ്പോലീത്ത അഭിവന്ദ്യ വട്ടശ്ശേരിൽ മാർ ദിവന്ന്യാസിയോസ് തിരുമേനിയുടെ അനുഗ്ര ഹാശിസുകളോടെ അന്നത്തെ തിരുവിതാംകൂർ ദിവാൻ ബഹാദൂർ ടി രാഘവയ്യ 1921 ജൂൺ മാസം പതിനാറാം തീയതി സ്കൂൾ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തി.23 കുട്ടികൾ പ്രിപ്പറേറ്ററി ക്ലാസ്സിൽ ആദ്യ പഠനം നടത്തി

വടക്കേ തലയ്ക്കൽ പറമ്പിൽ ദിവ്യശ്രീ വി ഐ സ്കറിയ കത്തനാർ ആണ് ഈ സ്കൂളിന്റെ ആരംഭത്തിന് നേതൃത്വം വഹിച്ചത്. പി ൽക്കാലത്ത് ഇദ്ദേഹം സ്കൂൾ കറസ്പോണ്ടന്റും ലോക്കൽ മാനേജരുമായി സേവനം അനുഷ്ഠിച്ചു വന്നു സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ ശ്രീ കെ കെ ഫിലിപ്പ് ആയിരുന്നു 1924 മെയ് 26 ന് സ്കൂളിൽ സെക്കൻഡ് ഫോം ആരംഭിച്ചു 1948 മെയ് മാസം ഇരുപതാം തീയതി ഇത് ഒരു ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു.

മലങ്കര ഓർത്തഡോക്സ് സഭയുടെ സ്കൂളുകൾ എല്ലാം കൂടി ചേർത്ത് ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് രൂപീകരിച്ചപ്പോൾ ഈ സ്കൂളും അതിൽ ചേർക്കപ്പെട്ടു. പാഠ്യ പാഠ്യേതര വിഷയങ്ങളിൽ ഈ സ്കൂൾ മികച്ച നിലവാരം പുലർത്തി വരുന്നു.

# SWOT ANALYSIS – സോട്ട് വിശകലനം

**1. ശക്തി (Strength)**

- ആത്മാർത്ഥയോടെ പ്രവർത്തിക്കുന്ന അധ്യാപകർ
- അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന പി.ടി.എ.
- സ്മാർട്ട് ക്ലാസ്സ് മുറികൾ
- ഐ.ടി. അധിഷ്ഠിത പഠനം
- ആവശ്യത്തിനുള്ള സ്ഥലലഭ്യത
- മികച്ച സ്കൂൾ ലൈബ്രറി പുസ്തകശേഖരണം
- ജലലഭ്യത
- മൾട്ടിപർപ്പസ് ഹാൾ
- മികച്ച ഉച്ചഭക്ഷണ വിതരണം
- NCC, Little Kites
- മികച്ച പാചകപുര

**2. പരിമിതികൾ (Weakness)**

- പാർട്ടീഷനില്ലാത്ത ക്ലാസ് മുറികൾ
- കലാകായിക വിഷയങ്ങളിൽ പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം
- കായിക ഉപകരണങ്ങളുടെ ലഭ്യതകുറവ്, കായിക അധ്യാപകരുടെ അഭാവം
- ശാരീരികവും മാനസികവുമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് കൗൺസലിംങ് നൽകുന്നതിനുള്ള ആളുടെ അഭാവം
- സ്ത്രീ സൗഹൃദ ശുചിമുറി, സിക്ക് റൂം എന്നിവയുടെ അഭാവം

**3. അവസരങ്ങൾ (Opportunities)**

- വിദ്യാർത്ഥികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്താനുള്ള അവസരങ്ങൾ
- USS, NUMATS, NMMS പോലെയുള്ള മത്സരപരീക്ഷകളിലെ വിജയസാധ്യത
- കായിക മേളയിലും കലോത്സവങ്ങളിലും മികച്ച നേട്ടം കൈവരിക്കാനുള്ള അവസരങ്ങൾ
- ശാസ്ത്രത്തിലും സാമൂഹിക വിഷയങ്ങളിലും കരകൗശലവിദ്യയിലുമുള്ള അഭിരുചി മെച്ചപ്പെടുത്താനുള്ള അവസരങ്ങൾ
- അച്ചടക്കം, അനുസരണം, നല്ല പെരുമാറ്റം എന്നിവ ശീലിക്കുന്നതിലൂടെ സ്വഭാവ രൂപികരണത്തിനും വ്യക്തിത്വവികസനത്തിനുമുള്ള അവസരങ്ങൾ

**4. ഭീക്ഷണികൾ (Threats)**

- 200 മീറ്റർ അടുത്തായി അൺ എയിഡഡ് വിദ്യാലയം സ്ഥിതിചെയ്യുന്നത്
- സ്കൂളിലെ 90% കുട്ടികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായതിനാൽ അവരുടെ രക്ഷിതാക്കൾ ദൈനദിന ആവശ്യങ്ങൾക്ക് പോകേണ്ടിവരുന്നത്

കൊണ്ട് വീട്ടിൽ നിന്ന് വേണ്ട പ്രോത്സാഹനം കിട്ടുന്നില്ല

- സ്വകാര്യ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോടുള്ള പൊതുസമൂഹത്തിൻെറ അഭിനിവേശം
- അന്യരാജ്യങ്ങളിലേക്കുള്ള കുടിയേറ്റം

## കാഴ്ചപ്പാട് (VISION)

അക്കാദമികവും ഭൗതികവുമായ മേഖലകളിൽ ഇതേവരെ കൈവരിച്ച മികവുകൾ നിലനിർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം പഠനപരമായുള്ള പിന്നോക്കവസ്ഥ ഉയർത്താനും പര്യാപ്തമായ തരത്തിൽ വിദ്യാലയത്തിൻെറ ഭൗതിക സാഹചര്യങ്ങളും അക്കാദമിക സാഹചര്യങ്ങളും വികസിപ്പിക്കുകയും മോണിറ്ററിംങ് സംവിധാനം ആവിഷ്കരിക്കുകയും ചെയ്യുക.

## ദൗത്യം (MISSION)

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിൻെറ കേന്ദ്രമായി മാറ്റുക.

## ലക്ഷ്യങ്ങൾ (GOALS)

1. സ്കൂളിൽ എത്തിചേരുന്ന എല്ലാ വിദ്യാർത്ഥികൾക്കും അതത് ക്ലാസിൽ നിന്ന് ലഭിക്കേണ്ട പഠനശേഷികൾ നേടാൻ സഹായിക്കുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകളിലുള്ള പ്രാവണ്യം നേടികൊടുക്കുക.

3. കുട്ടികളുടെ സർഗാത്മകതയും അക്കാദമിക-കലാ-കായിക പരമായുള്ള കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

4. ഓരോ കുട്ടികളുടെ പൊതുവായ കഴിവും സവിശേഷമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളെയും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ നൽകുക.

## വിദ്യാലയം-പൊതുവിശകലനം

വിദ്യാലയത്തിലെ കുട്ടികളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക പശ്ചാത്തലം വിശകലനം ചെയ്യുമ്പോൾ ഓരോ കുട്ടിയും തീർത്തും വ്യത്യസ്തരാണ്. മുൻകാലങ്ങളിൽ സാമ്പത്തികമായി ഏതാണ്ട് ഒരേ നിരയിലായിരുന്ന പൊതുസമുഹത്തിൽ നിന്ന് സാമ്പത്തികാന്തരം കൂടുതലായി കാണുന്നു. കാർഷിക മേഖലയിൽ നിന്നുള്ള രക്ഷിതാക്കൾ ആണ് കൂടുതലായി ഉള്ളത്. കുട്ടികളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കാൻ ഭവനസന്ദർശനം നടത്താറുണ്ട്. സഹായം ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി സ്പോൺസർമാരെ സമീപിക്കുകയും വേണ്ട പിന്തുണ നൽകുകയും ചെയ്യുന്നുണ്ട്.

**നേട്ടങ്ങൾ**

നിലവിലെ സൗകര്യങ്ങൾ മാത്രം പ്രയോജനപ്പെടുത്തി ഒരുപാട് നേട്ടങ്ങൾ കൊയ്യാൻ നമുക്കായിട്ടുണ്ട്. സബ് ജില്ല-ജില്ലാതല മത്സരങ്ങളിൽ നമ്മുടെ വിദ്യാലയത്തിൽ നിന്നുള്ള വിദ്യാർത്ഥികൾ സമ്മാനർഹരായിട്ടുണ്ട്. സ്കൗട്ട്, ഗൈഡ് പോലെയുള്ള വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. SSLC, USS പരീക്ഷകളിൽ വിജയിച്ച കുട്ടികളുടെ എണ്ണം പ്രശംസനർഹമാണ്.

**ആവശ്യങ്ങൾ**

1. തെരുവുനായ ശല്യത്തിന് എതിരെ നടപടി ആവശ്യമാണ്.
2. പൊടിമൂലമുള്ള അലർജി വരാതെ കുട്ടികൾക്ക് കളിക്കുന്നതിന് കോൺക്രീറ്റ് ചെയ്ത കളിസ്ഥലം ആവശ്യമാണ്. സ്കൂൾ മുറ്റം ഇൻറർലോക്ക് ചെയ്യേണം.
3. ലൈബ്രറിയിൽ ആവശ്യമായ പുസ്തകങ്ങളും ഷെൽഫും വേണം.
4. കുട്ടികളുടെ ഉച്ചഭക്ഷണത്തിൻെറ അവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക് നിർമാർജനത്തിനും വേണ്ട സജ്ജീകരണം ആവശ്യമാണ്.
5. ആധുനിക രീതിയിലുള്ള സ്ത്രീ സൗഹൃദ ശുചിമുറി ആവശ്യമാണ്.
6. കൂടുതൽ ICT സംവിധാനങ്ങളും സയൻസ്-ഐ.ടി. ലാബ് നവീകരണവും ആവശ്യമാണ്.

| മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നതിന് അവസരം | എൻ്റെ അവധിക്കാലം | ജൂൺ | മലയാള അധ്യാപകൻ | |
| അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നതിന് | ഭാഷാകേളി | ജൂൺ | മലയാള അധ്യാപകൻ | |
| മുഴുവൻ കുട്ടികളുടെയും സർഗാത്മരചനകൾ ഉൾകൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുക | സ്കൂൾ മാഗസിൻ | വർഷാവസാന ം | മലയാള അധ്യാപകൻ | |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുനാടകങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കുക | രംഗാവിഷ്കാരം | അക്കാദമിക വർഷം | മലയാള അധ്യാപകൻ | |
| പദങ്ങൾ പരിചയപ്പെടുത്തുന്നതിന് | കേട്ടെഴുത്ത് കളരി | അക്കാദമിക വർഷം | മലയാള അധ്യാപകൻ | |
| എഴുത്തുകാരെ പരിചയപ്പെടാനും വായനശീലം വളരാനും | വായനാ നേരം | അക്കാദമിക വർഷം | മലയാള അധ്യാപകൻ, ലൈബ്രറിയൻ | |

| ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| പരിമിതികൾ പരിഹരിക്കുന്നതിനു പാക്കേജ് തയാറാക്കുക | പാക്കേജ് തയ്യാറാക്കൽ | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |
| വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങൾ ഇംഗ്ലീഷിൽ ഡയറിയായി എഴുതുക | ഇംഗ്ലീഷ് ഡയറി | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | |
| ആഴ്ചയിൽ എല്ലാ ദിവസവും ഓരോ കുട്ടി വച്ച് ഒരു വിഷയത്തെ ആസ്പദമാക്കി ഇംഗ്ലീഷിൽ സംസാരിക്കുക | ഒരു ദിവസം ഒരു വാക്ക് | എല്ലാ ദിവസവും | ഇംഗ്ലീഷ് അധ്യാപകൻ, ക്ലാസ് ടീച്ചർ | |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുനാടകങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കുക | ഇംഗ്ലീഷ് തീയറ്റർ | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ | |
| മാസാവസാനം ആയ മാസത്തിൽ സംഭവിച്ച കാര്യങ്ങൾ ഇംഗ്ലീഷ് വാർത്തയായി രചിച്ച്  ഒരു ചാർട്ടിൽ പ്രദർശിപ്പിക്കുക. | സ്കൂൾനോട്ടീസ് ബോർഡ് | പ്രതിമാസം | ഇംഗ്ലീഷ് അധ്യാപകൻ, ഇംഗ്ലീഷ് ക്ലബ് | |
| എഴുത്തുകാരെ പരിചയപ്പെടാനും വായനശീലം വളരാനും | ഇംഗ്ലീഷ് ലൈബ്രറി | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ, ലൈബ്രറിയൻ | |

| ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 5,6,7 ക്ലാസുകളിൽ അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ  ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക,പഠിപ്പിച്ചെടുക്കുക | പുതിയപദങ്ങൾ,പദ്യങ്ങൾചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് കാണിക്കൽ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വായന: തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം നടത്തും. | നിരന്തരം പുസ്തകം വായിച്ച്കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും. ഹിന്ദി ചിത്രകഥകൾ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും.നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത്  ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ക്ലാസുകളിൽ ചെറിയ രീതിയിൽ  ഹിന്ദി സംസാരിക്കുന്നതിന് അവസരം ഒരുക്കും. വായനയെ പ്രോത്സാഹിപ്പിക്കും, തെറ്റുകൂടാതെ വായിക്കുന്നവർക്ക് ചെറിയ സമ്മാനങ്ങൾ കൊടുക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| രാഷ്ട്രഭാഷയോടുള്ള അഭിരുചിവർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്കു അവസരം കൊടുക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | |
| മാതൃഭാഷയെപോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | |

| | | | | |
|---|---|---|---|---|
| | നോവലുകൾ, സിനിമ കൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | | | |

| ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള കുറവ് പരിഹരിക്കുക | ഐസിടി വിഭവങ്ങൾ തയ്യാറാക്കാൻ ഡിജിറ്റൽ ലൈവ് ക്ലാസുകൾ | ആഗസ്റ്റ് | സയൻസ് ടീച്ചർ | |
| ജീവിത സാഹചര്യങ്ങളിൽ, നിന്നും ചുറ്റപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക | പരീക്ഷണ കളരി | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകർ, ശാസ്ത്ര ക്ലബ് | |
| ശാസ്ത്രവിശയത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക. | ശാസ്ത്ര ക്ലിനിക്ക് | ആഴ്ചയിൽ രണ്ടു മണിക്കൂർ അധികസമയമെട്ടത്ത ് | ശാസ്ത്ര അധ്യാപകർ, സമർഥരായ കുട്ടികൾ | |
| ശാസ്ത്രവുമായി ബന്ധപ്പെട്ട മോഡൽ നിർമ്മിക്കാനുള്ള ശേഷി നേടിയെടുക്കുക | ശാസ്ത്ര മോഡൽ നിർമ്മാണം | ജൂലൈ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകർ, സമർഥരായ കുട്ടികൾ | |
| ശാസ്ത്ര ലാബ് പഠനാവശ്യത്തിന് സജ്ജമാക്കുക | ശാസ്ത്ര ലാബ് നവീകരണം | സെപ്റ്റംബർ | ശാസ്ത്ര അധ്യാപകർ, എസ് ആർ ജി | |
| കുട്ടികൾ വീടുകളിലും സ്കൂളിലും ഊർജം നിയന്ത്രിക്കുന്നതിന് | ഊർജ നിയന്ത്രണം പദ്ധതി | ജൂലൈ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകർ, എസ് ആർ ജി | |
| ശാസ്ത്ര പ്രാധാന്യമുള്ള പരീക്ഷകൾക്കും മത്സരങ്ങൾക്കും കുട്ടിയെ തയാറാക്കുക. | ശാസ്ത്ര പ്രതിഭ ക്ലാസ്സ് | ജൂൺ 2ാം വാരം മുതൽ ആഴ്ചയിൽ 2 മണിക്കൂർ അധികസമയമെട്ടത്ത ് | ശാസ്ത്ര അധ്യാപകർ | 500 |

| യുപി അടിസ്ഥാനശാസ്ത്രം | | | | | | |
|---|---|---|---|---|---|---|
| Sl.No. | ലക്ഷ്യം | പ്രവർത്തനം | പ്രവർത്തനരീതി | കാലം | ചുമതല | സാമ്പത്തികം |
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | പരീക്ഷണ കളരി | നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിപ്പെടുത്തി രസകരമായ ലഘുപരീക്ഷങ്ങളിലൂടെ ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷങ്ങളുടെ ഒരു ശേഖരണം തയാറാക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകർ ശാസ്ത്ര ക്ലബ് | 1000 |
| 2 | ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | മാസ്റ്റർ മൈൻഡ് | ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയാറാക്കുന്നു | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ ശാസ്ത്ര ക്ലബ് | 2000 |
| | | എക്സ്പ്ലോ – എക്സ്പ്ലോർ | ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടുപിടുത്തങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ – ഒക്ടോബർ | S.R.G. ശാസ്ത്ര അധ്യാപകർശാസ്ത്ര ക്ലബ് | 3000 |
| 3 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്രപഠനത്തിനായി ഉപയോഗിക്കുക. കുട്ടിയെ നൂതന രീതികൾ പരിശീലിപ്പിക്കുക. | ഐ. ടി. സാധ്യത ഉപയോഗിച്ചുള്ള ശാസ്ത്രപഠനം | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം തുടങ്ങി പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകളുടെ വീഡിയോ പ്രദർശനം | ആവശ്യാനുസരണം | ശാസ്ത്ര അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| 4 | വിവിധ ശേഷികളുടെ വികസനം. ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ പരിചയപ്പെടുത്തുക. | ദിനാചരണ ം | ജൂൺ മുതൽ മാർച്ച് വരെ ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണ പ്രവർത്തനങ്ങൾ S.R.G യില് രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ ശാസ്ത്ര ക്ലബിൻ്റെ നേതൃത്വത്തിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യ ാനുസ രണം | S.R.G ശാസ്ത്ര ക്ലബ് | 1000 |
| 5 | ശാസ്ത്രവിശയത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക. | ശാസ്ത്ര ക്ലിനിക്ക് | ശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ശാസ്ത്ര അദ്ധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങ ൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയി ൽ 2 മണിക്കൂർ അധിക സമയ മെടുത്ത് | ശാസ്ത്ര അധ്യാപ കർ സമർഥരാ യ കുട്ടികൾ | |
| 6 | ശാസ്ത്ര അഭിരുചി വർധിപ്പിക്കുക. കുട്ടിയുടെ സർഗാന്മക ശേഷി വർധിപ്പിക്കുക. | ശാസ്ത്ര മാഗസിൻ നിർമ്മാണം | ശാസ്ത്രവുമായി ബന്ധപ്പെട്ട കവിതകൾ, കഥകൾ, ലേഖനങ്ങൾ മുതലായവ കോർത്തിണക്കി ഒരു പൊതു ശാസ്ത്ര മാഗസിൻ തയാറാക്കുന്നു | വർഷ ത്തിൽ ഒന്ന് (ഫെബ്രു വരി) | ശാസ്ത്ര ക്ലബ് | 3000 |
| 7 | ശാസ്ത്രത്തിൽ ഉള്ള മികവ് തെളിയിക്കാനുള്ള അവസരം ഒരുക്കുക. | ശാസ്ത്ര ക്വിസ് മത്സരം | സ്കൂൾ തലത്തിൽ 5, 6, 7 ക്ലാസ്സിലെ കുട്ടികൾക്ക് ശാസ്ത്രവുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ നടത്തുന്നു. | മാസത്ത ിൽ ഒന്ന് | ശാസ്ത്ര അധ്യാപ കർ ശാസ്ത്ര ക്ലബ് | 500 |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ ചോദ്യങ്ങൾ പരിചയപ്പെടുക. പൊതു പരീക്ഷകൾ, മത്സര പരീക്ഷകൾ | ശാസ്ത്ര ചോദ്യ ബാങ്ക് | 5, 6, 7 ക്ലാസ്സിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന ചോദ്യങ്ങൾ ശേഖരിക്കുന്നു. U.S.S., ശാസ്ത്ര ക്വിസ് | ജൂൺ– മാർച്ച് | ശാസ്ത്ര അധ്യാപ കർ വിദ്യാർത്ഥ ികൾ | 500 |

| | | | | | | |
|---|---|---|---|---|---|---|
| | എന്നിവയ്ക്ക് തയാറാക്കുക. | | തുടങ്ങിയ ഇനങ്ങളിൽ വരുന്ന മോഡൽ ചോദ്യങ്ങൾ ശേഖരിക്കുക. | | | |
| 9 | ശാസ്ത്ര പദങ്ങൾ പരിചയപ്പെടുക. | ശാസ്ത്ര നിഘണ്ടു | ഓരോ പഠഭാഗത്തിലെയും ശാസ്ത്രപരമായ ആശയം ഉൾക്കൊള്ളുന്ന പദങ്ങളും അവയുടെ അർത്ഥങ്ങളും അടങ്ങുന്ന നിഘണ്ടു പാഠവസാനം തയാറാക്കുന്നു. | ജൂൺ – മാർച്ച് | ശാസ്ത്ര അധ്യാപകർ വിദ്യാർത്ഥികൾ | 500 |
| 10 | ശാസ്ത്ര പ്രാധാന്യമുള്ള പരീക്ഷകൾക്കും മത്സരങ്ങൾക്കും കുട്ടിയെ തയാറാക്കുക. | ശാസ്ത്ര പ്രതിഭ ക്ലാസ്സ് | 7ാം ക്ലാസ്സിലെ വിദ്യാർത്ഥികളെ യുഎസ്എസ് പരീക്ഷക്ക് തയാറക്കുന്നതിനുള്ള പരിശീലന ക്ലാസ്സ് നടത്തുന്നു. | ജൂൺ 2ാം വാരം മുതൽ ആഴ്ചയിൽ 2 മണിക്കൂർ അധിക സമയമെടുത്ത് | ശാസ്ത്ര അധ്യാപകർ | 500 |
| 11 | പാഠഭാഗങ്ങളുടെ തുടർച്ച കുട്ടികൾക്ക് ലഭിക്കുക. പാഠഭാഗങ്ങളില് താത്പര്യം വർദ്ധിപ്പിക്കുക. | ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | ജൂൺ – മാർച്ച് | ശാസ്ത്ര അധ്യാപകർ വിദ്യാർത്ഥികൾ | 750 |

| സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| മതേതരത്വം, സഹിഷ്ണത എന്നിവ വളർത്തിയെടുക്കുന്നതിന്, സാമൂഹിക പരീഷ്കർത്താക്കളെ പരി ചയപ്പെടുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ സർവ്വേ, ചർച്ചകൾ, സംവാദങ്ങൾ | അക്കാദമിക വർഷം മുഴുവനു ◌ം | സോഷ്യൽ സയൻസ് ടീച്ചർ | |
| സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സ്റ്റാർട്ട് അപ്പ് സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | സോഷ്യൽ സയൻസ് ടീച്ചർ, എസ് ആർജി | |
| കുട്ടികളിൽ പൊതുവിജ് ഞാനം വളർത്തുന്നതിന് | ദിനാചരണങ്ങളും തുടർപ്രവർത്തനവും (ക്വിസ്സ്, വീഡിയോ പ്രദർഷനം) | അക്കാദമിക വർഷം മുഴുവനു ◌ം | സോഷ്യൽ സയൻസ് ടീച്ചർ | |

| യുപി സാമൂഹ്യ ശാസ്ത്രം | | | | | | |
|---|---|---|---|---|---|---|
| Sl.No. | ലക്ഷ്യം | പ്രവർത്തനം | പ്രവർത്തനരീതി | കാലം | ചുമതല | സാമ്പത്തികം |
| 1 | പഠിതാക്കളെ ചരിത്ര സ്മാരകങ്ങളെ കുറിച്ചും അവ സംരക്ഷിക്കപ്പെടേണ്ടതിൻ്റെ ആവശ്യകതയെ കുറിച്ചും ബോധവാന്മാരാക്കുക. | വീഡിയോ പ്രദർശനം | ICT സാധ്യതകൾ ഉപയോഗിച്ച് ചരിത്ര സ്മാരകങ്ങൾ കാണിക്കുകയു ം അവ സംരക്ഷിക്കപ്പെടേണ്ടതിൻ്റെ ആവശകൃത പറയുന്നു | വർഷാരംഭ ം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 2 | ജനാധിപത്യത്തിൻ്റെ അടിത്തറ മനസ്സിലാക്കുക | ഫീൽഡ് സന്ദർശനം | മാതാപിതാക്കളോടൊപ്പം ഗ്രാമസഭ, വാർഡ് സഭ എന്നിവ സന്ദർശിച്ച് പ്രവർത്തനം മനസ്സിലാക്കുന്നു. | ഒക്ടോബർ മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 3 | ജനാധിപത്യപരമായ ജീവിത രീതി മനസ്സിലാക്കുക | ബോധവൽക്കരണ പരിപാടി | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടി നടത്തുന്നു | ജൂൺ മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | 1000 |
| 4 | കുട്ടികളുടെ സുരക്ഷയും പോക്സോ നിയമങ്ങളെയും കുറിച്ച് ബോധവത്കരണം ലഭിക്കുക | ബോധവൽക്കരണ ക്ലാസ് | കുട്ടികളുടെ സുരക്ഷയും പോക്സോ നിയമവും എന്ന വിഷയത്തെ കുറിച്ചു ബോധവത്കരണ ക്ലാസ് നടത്തുന്നു. | ആഗസ്ത് മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | 1000 |
| 5 | പ്രകൃതിയിൽ നിന്നു നേരിട്ടുള്ള അനുഭവം നേടുന്നതിന് | ഫീൽഡ് ട്രിപ്പ് | പഠനാനുഭവം നൽകുന്നതിന് അനുയോജ്യമ ായ അടുത്തുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു. | ജനുവരി മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | 2000 |

| മേഖല: യുപി ഗണിതം | | | | | | |
|---|---|---|---|---|---|---|
| Sl.No. | ലക്ഷ്യം | പ്രവർത്തനം | പ്രവർത്തനരീതി | കാലം | ചുമതല | സാമ്പത്തികം |
| 1 | ഗണിത അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുക. ഗണിതത്തിലുള്ള താല്പര്യം വർധിപ്പിക്കുക. കൂട്ടായ പ്രവർത്തനം വളർത്തിയെടുക്കുക. പരിപാടികൾ സംഘടിപ്പിക്കാനുള്ള ശേഷി വർധിപ്പിക്കുക. | ഗണിതക്ലബ് ശാക്തീകരണം | ഗണിതത്തിൽ അഭിരുചി ഉള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. ബുള്ളറ്റിൻ ബോർഡ് നിർമ്മാണം, ഗണിത ക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ ഉള്ള പരിപാടികൾ നടപ്പിലാക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | S.R.G ഗണിത അധ്യാപകർ ഗണിത ക്ലബ് | 3000 |
| 2 | ഗണിത ആശയങ്ങൾ നിർമാണ പ്രക്രിയയിലൂടെ ഊട്ടി ഉറപ്പിക്കുക. കുട്ടിയുടെ ക്രിയാത്മക ശേഷി വർധിപ്പിക്കുക. ഗണിതത്തിനോടുള്ള താല്പര്യം വർധിപ്പിക്കുക. ഗണിതത്തിലെ പ്രായോഗിക ബുദ്ധി വളർത്തുക. | ഗണിത ശിൽപശാല | ഗണിത ആശയത്തിൽ ഊന്നിയുള്ള നിർമാണത്തിന് പരിശീലനം നൽകുന്നു. | ഓഗസ്റ്റ് മാസം | ഗണിത അധ്യാപകർ ഗണിത ക്ലബ് | 2000 |
| 3 | ഗണിതത്തിൽ ഉള്ള താല്പര്യം വർധിപ്പിക്കുക കുട്ടിയുടെ ആശയങ്ങളും ഉൽപന്നങ്ങളും പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കുക. കുട്ടിയുടെ മികവ് പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കുക | ഗണിത മേള | ഗണിതവുമായി ബന്ധപ്പെട്ട് കുട്ടികളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. ഗണിതവുമായി ബന്ധപ്പെട്ട ഉൽപന്ന നിർമാണ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ – ഒക്ടോബർ | S.R.G. ഗണിത അധ്യാപകർ ഗണിത ക്ലബ് | 3000 |
| 4 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി ഉപയോഗിക്കുക. കുട്ടിയെ നൂതന രീതികൾ പരിശീലിപ്പിക്കുക. | ഐ. ടി. സാധ്യത ഉപയോഗിച്ചുള്ള ഗണിതപഠനം | ജിയോ ജിബ്ര സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തുന്നു. പാഠഭാഗങ്ങളിൽ ജിയോ ജിബ്രയുടെ സാധ്യത പ്രയോജനപ്പെടുത്തി ജ്യാമീതിയ രൂപങ്ങളും മറ്റു ഗണിത ക്രിയകളും പരിചയപ്പെടുത്തുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| 5 | വിവിധ ശേഷികളുടെ വികസനം. ഗണിതവുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ പരിചയപ്പെടുത്തുക. | ദിനാചരണ ം | ജൂൺ മുതൽ മാർച്ച് വരെ ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണ പ്രവർത്തനങ്ങൾ S.R.G യില് രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ ഗണിത ക്ലബിൻ്റെ നേതൃത്വത്തിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യ ാനുസ രണം | S.R.G ഗണിത ക്ലബ് | 1000 |
| 6 | ഗണിതത്തിൻ്റെ പ്രാധാന്യത്തെ കുറിച്ച് പൊതു അവബോധം നൽകുക. | ഗണിത അസംബ്ലി | ഗണിത പ്രാർത്ഥന ഗാനം, പ്രസംഗം എന്നിവ കോർത്തിണക്കി ഗണിത അസംബ്ലി നടത്തുന്നു. | വർഷ ത്തിൽ 3 പ്രാവശ്യം | ഗണിത ക്ലബ് | |
| 7 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക. | ഗണിത ക്ലിനിക്ക് | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അദ്ധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങ ൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയി ൽ 2 മണിക്കൂർ അധിക സമയ മെടുത്ത് | ഗണിത അധ്യാപ കർ സമർഥരാ യ കുട്ടികൾ | |
| 8 | ഗണിത അഭിരുചി വർധിപ്പിക്കുക. കുട്ടിയുടെ സർഗാത്മക ശേഷി വർധിപ്പിക്കുക. | ഗണിത മാഗസിൻ നിർമ്മാണം | ഗണിതവുമായി ബന്ധപ്പെട്ട കവിതകൾ, കഥകൾ, ലേഖനങ്ങൾ മുതലായവ കോർത്തിണക്കി ഒരു പൊതു ഗണിത മാഗസിൻ തയാറാക്കുന്നു | വർഷ ത്തിൽ ഒന്ന് (ഫെബ്രു വരി) | ഗണിത ക്ലബ് | 3000 |
| 9 | ഗണിതത്തിൽ ഉള്ള മികവ് തെളിയിക്കാനുള്ള അവസരം ഒരുക്കുക. | ഗണിത ക്വിസ് മത്സരം | സ്കൂൾ തലത്തിൽ 5, 6, 7 ക്ലാസ്സിലെ കുട്ടികൾക്ക് ഗണിതാവുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ | മാസത്ത ിൽ ഒന്ന് | ഗണിത അധ്യാപ കർ ഗണിത ക്ലബ് | 500 |

| | | | | | | |
|---|---|---|---|---|---|---|
| | | | നടത്തുന്നു. | | | |
| 10 | ഗണിതത്തിൽ താല്പര്യം വർധിപ്പിക്കുക. | ഗണിത ഗെയിംസ് | ഗണിതവുമായ് ബന്ധപ്പെട്ട കളികൾ ക്രമീകരിക്കുന്നു. | മാസത്ത ിൽ ഒന്ന് | ഗണിത ക്ലബ് | 500 |
| 11 | പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ ചോദ്യങ്ങൾ പരിചയപ്പെടുക. പൊതു പരീക്ഷകൾ, മത്സര പരീക്ഷകൾ എന്നിവയ്ക്ക് തയാറാക്കുക. | ഗണിത ചോദ്യ ബാങ്ക് | 5, 6, 7 ക്ലാസ്സിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന ചോദ്യങ്ങൾ ശേഖരിക്കുന്നു. U.S.S., NUMATS, ഗണിത ക്വിസ് തുടങ്ങിയ ഇനങ്ങളിൽ വരുന്ന മോഡൽ ചോദ്യങ്ങൾ ശേഖരിക്കുക. | ജൂൺ– മാർച്ച് | ഗണിത അധ്യാപ കർ വിദ്യാർത്ഥ ികൾ | 500 |
| 12 | ഗണിത പദങ്ങൾ പരിചയപ്പെടുക. | ഗണിത നിഘണ്ടു | ഓരോ പഠഭാഗത്തിലെയും ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്ന പദങ്ങളും അവയുടെ അർത്ഥങ്ങളും അടങ്ങുന്ന നിഘണ്ടു പാഠവസാനം തയാറാക്കുന്നു. | ജൂൺ – മാർച്ച് | ഗണിത അധ്യാപ കർ വിദ്യാർത്ഥ ികൾ | 500 |
| 13 | ഗണിത പ്രാധാന്യമുള്ള പരീക്ഷകൾക്കും മത്സരങ്ങൾക്കും കുട്ടിയെ തയാറാക്കുക. | ഗണിത പ്രതിഭ ക്ലാസ്സ് | 6ാം ക്ലാസ്സിലെ വിദ്യാർത്ഥികളെ NUMATS പരീക്ഷക്കും 7ാം ക്ലാസ്സിലെ വിദ്യാർത്ഥികളെ യുഎസ്എസ് പരിക്ഷക്കും തയാറക്കുന്നതിനു ള്ള പരിശീലന ക്ലാസ്സ് നടത്തുന്നു. | ജൂൺ 2ാം വാരം മുതൽ ആഴചയ ിൽ 2 മണിക്കൂർ അധിക സമയ മെടുത്ത് | ഗണിത അധ്യാപ കർ | 500 |
| 14 | പാഠഭാഗങ്ങളുടെ തുടർച്ച കുട്ടികൾക്ക് ലഭിക്കുക | വളരുന്ന ഗണിത ചാർട്ട് | ഓരോ പാഠഭാഗങ്ങളിൽ അതാതു ദിവസം പഠിപ്പിച്ച പ്രധാന ആശയങ്ങൾ രേഖപ്പെടുത്തിയുള്ള ചാർട്ട് അതാതു പാഠവസാനം വരെ പ്രദർശിപ്പിക്കുന്നു. | ജൂൺ – മാർച്ച് | ഗണിത അധ്യാപ കർ വിദ്യാർത്ഥ ികൾ | 750 |

| മേഖല: ഭൗതികം<br>ഉപമേഖല: ഐ.ടി വികസനം | | | | |
|---|---|---|---|---|
| Sl.No. | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| 1 | പുതിയ കമ്പ്യൂട്ടറുകൾ | 2025–2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 2 | ലൗഡ് സ്പീക്കർ | 2025–2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 3 | മുടക്കമില്ലാത്ത വൈദ്യുതി ലഭ്യത–സോളാർ, ജനറേറ്റർ | 2025–2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 4 | യു.പി.എസ് കണക്ടിവിറ്റി കേബിൾ | 2025–2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 5 | ഇരിപ്പിടനവീകരണം– മടക്കിവയ്ക്കാവുന്ന ഫർണീച്ചർ | 2025–2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 6 | സൗജന്യ വൈഫൈ സൗകര്യം | 2025–2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 7 | പുതിയ ലാപ്ടോപ്പ്, എൽ.സി.ഡി. പ്രൊജക്ടർ, സ്ക്രീൻ പോയിൻ്റർ, വയലെൻസ് കീബോർഡ്, കോളാർ മൈക്ക്, ഫ്ലിപ്പ്ബോർഡ് | 2025–2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 8 | വാർഷിക മെയിൻ്റനൻസ് കോൺട്രാക്ട് | 2025–2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 9 | എ.സി. | 2025–2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 10 | സ്വതന്ത്ര സോഫ്റ്റ്വെയർ | 2025–2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 11 | ക്യാബിനുകൾ | 2025–2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |

| മേഖല: ഭൗതികം<br><br>ഉപമേഖല: സ്കൂൾ പരിസരം | | | | |
|---|---|---|---|---|
| Sl.No. | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| 1 | ചുറ്റുമതിൽ നിർമ്മാണം | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 2 | സി.സി.ടി.വി. | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 3 | സ്ത്രീസൗഹൃദ ശൗചാലയം-സാനിറ്ററി പാഡ് ഡിസ്പോസൽ മെഷിൻ | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 4 | സാനിറ്ററി പാഡ് വെൻ്റിങ് മെഷിൻ | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 5 | ലൗഡ് സ്പീക്കർ | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 6 | കളി ഉപകരണങ്ങൾ | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 7 | വിശ്രമമുറി | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 8 | യുപി ക്ലാസ് നവീകരണം | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 9 | വൈറ്റ്ബോർഡ് | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 10 | വാട്ടർ പ്യൂരിഫെയർ | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 11 | മാലിന്യ സംസ്കരണ പ്ലാൻ്റ | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 12 | ലൈബ്രറി നവീകരണം | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |
| 13 | ശാസ്ത്ര ലാബ് നവീകരണം | 2025-2028 | മാനേജ്മെൻ്റ വിദ്യാലയ വികസന സമിതി | |